# Desabhimani

## 20 July 2018

## Kochi, Chellanam, Heavy Rain, Sea Level Rise, Intensive Program

# ചെല്ലാനത്തിനായി തീവ്രയത്നപരിപാടി

**കൊച്ചി**

മഴയും കടൽകയറ്റവുംമൂലം ദുരിതത്തിലായ ചെല്ലാനം മേഖലയിൽ ജനജീവിതം സാധാരണനിലയിലാക്കാൻ തീവ്രയത്നപരിപാടിക്ക് ജില്ലാ ഭരണനേതൃത്വം രൂപംനൽകി. കടൽകയറ്റത്തെ തുടർന്ന് തീരത്തും കനാലുകളിലും അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്യൽ, മാലിന്യ നിർമാർജനം, അണുനാശിനി ഉപയോഗിച്ചുള്ള ശുചീകരണം, കടൽഭിത്തി തകർന്ന ഇടങ്ങളിൽ കല്ലുകളും ജിയോബാഗുകളും പുനഃസ്ഥാപിക്കൽ എന്നിവയാണ് അടിയന്തരമായി നടപ്പാക്കുക.

മണൽ നീക്കം ചെയ്യുന്നതിൽ പഞ്ചായത്ത് അധികൃതർ ഉന്നയിച്ച സാങ്കേതികതടസ്സം പരിഹരിക്കാൻ മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ, ജില്ലാ ജിയോളജിസ്റ്റ്, ചെല്ലാനം പഞ്ചായത്ത് സെക്രട്ടറി, കൊച്ചി തഹസിൽദാർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി ഒറ്റത്തവണ നൽകുന്ന മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ഇടവേളകളിൽ മണൽ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണം. അടിഞ്ഞുകൂടിയ മണലിന്റെ അളവ് മേജർ ഇറിഗേഷൻ വകുപ്പ് നിർണയിച്ചു നൽകും. ഘനമീറ്റർ അടിസ്ഥാനത്തിലുള്ള മണലിന്റെ വിലനിർണയം ജിയോളജി വകുപ്പ് കണക്കാക്കും. മണൽ കൃത്യമായി നീക്കം ചെയ്ത് കനാലുകളിൽ നീരൊഴുക്ക് ഉറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെന്ന് കലക്ടർ പറഞ്ഞു. വെള്ളം കയറി മലിനമായ ഭാഗങ്ങളിൽ ശുചീകരണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. ആശാ വർക്കർമാർ, എൻഎസ്എസ് വളന്റിയർമാർ, അൻപൊട് കൊച്ചി അടക്കമുള്ള സന്നദ്ധസംഘടനകൾ എന്നിവർ ശനി, ഞായർ ദിവസങ്ങളിൽ രംഗത്തിറങ്ങും.